**23U587** (Pages: 2) Name: ..................................

Reg.No: ..................................

**FIFTH SEMESTER B.A. DEGREE EXAMINATION, NOVEMBER 2025**

(CBCSS - UG)

(Regular/Supplementary/Improvement)

**CC19UMAL5B09 - മലയാള സാഹിത്യ വിമർശനം**

(Malayalam - Core Course)

(2019 Admission onwards)

Time : 2.5 Hours Maximum : 80 Marks

Credit : 4

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. വിമർശകത്രയം ആരെല്ലാം?
2. പ്രാസവാദം ഉണ്ടാകാൻ ഇടയായ സാഹചര്യം എന്ത്?
3. സി പി അച്യുതമേനോന്റെ വിമർശനരീതിയുടെ പ്രത്യേകത എന്ത്?
4. പ്രാസവാദത്തിൽ ഉള്ളൂരിന്റെ നിലപാട് എന്തായിരുന്നു?
5. കേസരി ബാലകൃഷ്ണപിള്ളയുടെ പ്രധാന കൃതികൾ ഏവ?
6. എന്താണ് രൂപഭദ്രതാവാദം?
7. ഇവരുടെ ഈ മഹാത്യാഗം നിമിത്തംത്രേ സ്റ്റേറ്റുകളിലെ ജനങ്ങൾ ഇന്ന് പ്രസ്തുത മഹാമാരിയിൽനിന്ന് പ്രായേണ രക്ഷപ്പെട്ടതും അവിടെ ജീവിച്ചു വരുന്നതും ' .സൂചിത സംഭവം ഏത്?
8. ബാല്യകാലസഖി എന്ന കൃതി മഹത്തായ കലാസൃഷ്ടിക്കു പുറമേ ഒരു സമുദായ സേവനം കൂടി സാധിച്ചിട്ടുണ്ടെന്ന് എംപി പോൾ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്?
9. സാഹിത്യത്തിലെ വിവിധ പ്രസ്ഥാനങ്ങൾ ഏതെല്ലാം?
10. വീണപൂവ് എന്ന കവിതയുടെ പ്രമേയമെന്ത്?
11. സാഹിത്യകലയിൽ ബിംബങ്ങൾക്കുള്ള പ്രസക്തി എന്ത്?
12. ദലിത് എന്ന പദത്തിന്റെ നിഷ്പത്തി?
13. നിലനിൽപ്പിന്റെയും നിഷേധത്തിന്റേയും മൂർത്തപ്രക്രിയകളിലൂടെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സക്രിയ പ്രകൃതിയാണ് മനുഷ്യൻ എന്നുപറയുന്നതെന്തുകൊണ്ട്?
14. "അവളുടെ ഉത്കണ്ഠകൾ അങ്ങനെ കരിങ്കല്ലിൽ പടരുന്ന എണ്ണയുടെ കിനിവായി മാറി " - വിവക്ഷ എന്ത്?
15. കാൽപനികതയുടെ പുനരാവർത്തിയല്ല പുതിയകല എന്ന് പറയുന്നത് എന്തുകൊണ്ട്?

**(Ceiling: 25 Marks)**

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. നളിനി എന്ന കാവ്യത്തെക്കുറിച്ച് എ.ആർ രാജരാജവർമ്മയുടെ നിരീക്ഷണം ക്രോഡീകരിക്കുക.
17. മാർത്താണ്ഡവർമ്മ എന്ന നോവലിലെ കഥാപാത്ര സൃഷ്ടിയെക്കുറിച്ച് സി പി അച്യുതമേനോന്റെ കാഴ്ചപ്പാടുകൾ വിശദമാക്കുക.
18. കുട്ടികൃഷ്ണമാരാരുടെ വിമർശനത്തിന് സവിശേഷതകൾ എന്തെല്ലാം? വിശദമാക്കുക.
19. നിരൂപണത്തെ കുറിച്ചുള്ള കുട്ടികൃഷ്ണമാരാരുടെ നിലപാട് എന്ത്? വിശദമാക്കുക.
20. സമൂഹാബോധ മനസ്സ് എന്നത് കൊണ്ട് യുങ് അർത്ഥമാക്കുന്നതെന്ത്? വിശദമാക്കുക.
21. കലാകാരനെ പ്രചോദനം അയാളുടെ പരിസരത്തിന് പ്രചോദനമാണെന്ന് പറയുന്നതെന്തുകൊണ്ട്? വിശദമാക്കുക.
22. ഭാരതത്തിലെ അർദ്ധനാരീശ്വര സങ്കല്പത്തിന്റെ പ്രത്യേകതയെന്ത്?വിശദമാക്കുക.
23. കലാ അസ്തിത്വത്തിന്റെ കരുത്തെന്ന അവസ്ഥയിൽനിന്നും അധികാരത്തിന് ഉപാധികളിൽ ഒന്നായി മാറിയ സാഹചര്യം എന്തായിരുന്നു?

**(Ceiling: 35 Marks)**

**Part C** (Essay questions)

Answer any ***two*** questions. Each question carries 10 marks.

24. മലയാള സാഹിത്യ വിമർശനത്തിൽ സാഹിത്യപഞ്ചാനനൻ നൽകിയ സംഭാവനകൾ ചർച്ചചെയ്യുക.
25. എംപി പോളും സാഹിത്യവിമർശനവും .ചർച്ചചെയ്യുക.
26. സ്ത്രീയുടെ സ്വതന്ത്രചിന്തകൾ മുന്നോട്ടുവയ്ക്കുന്ന കൃതിയാണ് ആശാന്റെ ചിന്താവിഷ്ടയായ സീത. സമർത്ഥിക്കുക .
27. സരസ്വതീവിജയത്തിന്റെ ഇതിവൃത്തം ചർച്ചചെയ്യുക.

**(2 × 10 = 20 Marks)**

*******